# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2247 — 04.11.2019 – ൽ മറുപടിക്ക്.

## രോഗികൾക്ക് റേഷൻ മുൻഗണന

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. രാജഗോപാലൻ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| കാൻസർ, കരൾ രോഗങ്ങൾ, നട്ടെല്ല് തകർന്ന് കിടപ്പിലായവർ തുടങ്ങിയവർക്ക് റേഷൻ മുൻഗണന ലഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്, ക്യാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലും ഉള്ള പക്ഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകി വരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗ ബാധിതർക്കും അടിയന്തിര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ളത് പോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

*സെക്ഷൻ ഓഫീസർ*